**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2163** **05.05.2017-ൽ മറുപടിയ്ക്ക്**

## ചെല്ലാനം ഫിഷിംഗ് ഹാർബർ

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ചെല്ലാനം ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; | (എ) | ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ തെക്കേ പുലിമുട്ട് 570 മീറ്ററും വടക്കേ പുലിമുട്ട് 150 മീറ്ററും പൂർത്തിയായിട്ടുണ്ട്. മറ്റ് അനുബന്ധ ഘടകങ്ങൾ, അപ്രോച്ച് റോഡ് എന്നിവ നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുത്ത ശേഷം മറ്റ് അനുബന്ധഘടകങ്ങൾ നിർമ്മിക്കുന്നതാണ്. |
| (ബി) | ഹാർബർ വികസനത്തിനായി സ്ഥലമെടുപ്പ് ഏത് ഘട്ടം വരെയായി; | (ബി) | ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ അനുബന്ധ ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ 130.23 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് നെഗോഷ്യബിൾ പർച്ചേസ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിച്ചെങ്കിലും സ്ഥലത്തിന്റെ വില സംബന്ധിച്ച് ഭൂഉടമകളുമായി ധാരണ ആകാത്തതിനാൽ നെഗോസിയേഷൻ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കാൻ സാധിച്ചില്ല. തുടർന്ന് 11.01.2017ൽ ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ തെക്ക് ഭാഗത്തു കൂടിയുള്ള പുതിയ പ്രവേശനപാതയ്ക്ക് വേണ്ടി മറ്റൊരു പ്രൊപ്പോസൽ പരിഗണിക്കുകയുണ്ടായി. ആയതിൻപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ, ജി.സി.ഡി.എ, എറണാകുളത്തെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | നിലവിൽ സ്ഥലം ലഭ്യമാക്കിയിട്ടുള്ളവർക്ക് അതിന് ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സ്ഥല വില സംബന്ധിച്ച് സ്ഥല ഉടമകളുമായി ധാരണയിലാകുന്ന മുറയ്ക്ക് സ്ഥലത്തിന്റെ വില സ്ഥലമുടമകൾക്ക് നൽകുന്നതാണ്. |
| (ഡി) | ഹാർബർ എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | ലാന്റ് അക്വിസിഷൻ പൂർത്തിയാക്കിയ ശേഷം അനുബന്ധ സൗകര്യങ്ങൾ നിർമ്മിച്ച് ഹാർബർ പ്രവർത്തനക്ഷമമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ